(എ) തിരുവനന്തപുരം, ഇടുക്കി, പാലക്കാട്, വയനാട്, മലപ്പുറം, കാസർഗോഡ്, എന്നീ ആറ് ജില്ലകളിലാണ് കേന്ദ്രസർക്കാരിന്റെ ധനസഹായത്തോടെ ഡി.പി.ഇ.പി. നടപ്പിലാക്കി വരുന്നത്. ഡി.പി.ഇ.പി.യുടെ നേതൃത്വത്തിൽ രൂപപ്പെടുത്തി. എസ്.സി.ഇ.ആർ.ടി. പരിഷ്കരിച്ച പാഠ്യപദ്ധതിയാണ് ലോവർ പ്രൈമറി തലത്തിൽ സംസ്ഥാനത്തിലെ എല്ലാ ജില്ലകളിലും നടപ്പിലാക്കിയിട്ടുള്ളത്.

(ബി) കേരള സിലബസ് പിന്തുടരുന്ന ഡി.പി.ഇ.പി. ജില്ലകളിലെ എല്ലാ ഗവൺമെന്റ് എയിഡഡ്/അൺ എയിഡഡ് റെക്കഗ്നൈസ്ഡ് സ്കൂളുകളിലെയും ഒന്ന് മുതൽ ആറ് വരെയുള്ള ക്ലാസ്സുകളിലും മറ്റു ജില്ലകളിലെ 5 ക്ലാസ്സുവരെയുമാണ് പരിഷ്ക്കരിച്ച പാഠ്യപദ്ധതി നിലവിലുള്ളത്.

(സി) കേരള സിലബസ് പിന്തുടരുന്ന സംസ്ഥാനസർക്കാരിന്റെ നിയന്ത്രണത്തിലുള്ള എല്ലാ വിദ്യാലയങ്ങളിലും (സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ്-റെക്കഗ്നൈസ്ഡ്) പുതിയ പാഠ്യപദ്ധതിയും പഠനരീതിയും ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി&ഇ) ഡി.പി.ഇ.പി.യുടെ ഗുണങ്ങളെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ട്. ഇതിനായി നാല് അക്കാഡമിക് പഠനങ്ങൾ ഡി.പി.ഇ.പി. നടത്തിയിട്ടുണ്ട്. പുതിയ പാഠ്യപദ്ധതി നടപ്പിലാക്കിയപ്പോൾ കുട്ടികൾക്കിടയിൽ ആത്മവിശ്വാസം വർദ്ധിച്ചതായും ക്ലാസ്മുറികളിലെ പഠനസംസ്കാരവും അദ്ധ്യാപകവിദ്യാർത്ഥി ബന്ധവും മെച്ചപ്പെട്ടതായി കണ്ടെത്തിയിട്ടുണ്ട്. അഞ്ചാമത് അക്കാഡമിക് പഠനം ഇപ്പോൾ നടന്നുവരികയാണ്. ഇതിനുപുറമേ ബാഹ്യഏജൻസിയെ ഉപയോഗിച്ച് ലോവർ പ്രൈമറി ക്ലാസ്സുകളിലെ കുട്ടികളുടെ പഠനനേട്ടങ്ങൾ വിലയിരുത്തുന്നതിനുള്ള പഠനവും നടത്തിയിട്ടുണ്ട്. ഇതിൽ നാലാം അക്കാഡമിക മിഷൻ പാഠ്യപദ്ധതിയെ കുറിച്ച് പത്രമാധ്യമങ്ങളിൽ വന്ന ആക്ഷേപങ്ങളെക്കുറിച്ചാണ് പ്രധാനമായും പഠനം നടത്തിയത്. അധ്യാപകരുടെ അദ്ധ്യാപന നൈപുണ്യം ക്ലാസ്സ് റൂം പഠനാന്തരീക്ഷം, കുട്ടികളുടെ ആത്മവിശ്വാസം, അവരുടെ പഠനനേട്ടം, സംവിധാനത്തിന്റെ കാര്യക്ഷമത എന്നീ കാര്യങ്ങളിൽ ശ്രദ്ധേയമായ നേട്ടങ്ങൾ ഉണ്ടായിട്ടുള്ളതായിട്ടാണ് ഈ പഠനം സൂചിപ്പിക്കുന്നത്. ആയതിനാൽ ഇത് പരാജയമാണെന്ന ആക്ഷേപം അടിസ്ഥാനരഹിതമാണ്.

(എഫ്) ശിശുകേന്ദ്രീകരണവും പ്രവർത്തനാധിഷ്ഠിതവുമായ പാഠ്യപദ്ധതിയും പഠനരീതിയുമാണ് സ്കൂളുകളിൽ നടപ്പാക്കിവരുന്നത്. എല്ലാ പഠനങ്ങളും ഈ രീതിയിലായിരിക്കണമെന്നാണ് ശിശുമനശാസ്ത്രവും ബോധനാശാസ്ത്രവും സൂചിപ്പിക്കുന്നത്. ആയതിനാൽ എല്ലാ വിഷയങ്ങളും ഈ രീതിയിൽ പഠിക്കുവാൻ സാധിക്കും എന്നാണ് അനുമാനിക്കേണ്ടത്.

അദ്ധ്യാപകരുടെ ക്ലാസ് ബഹിഷ്കരണം

21 (*411) ശ്രീ. തമ്പാനൂർ രവി :
ശ്രീ. പി. ജെ. ജോയി :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) യു.ജി.സി. സ്കീം കേരളത്തിൽ നടപ്പാക്കിയ രീതിയിൽ പ്രതിഷേധിച്ച് അദ്ധ്യാപകർ അടുത്ത കാലത്ത് ക്ലാസ്സുകൾ ബഹിഷ്കരിക്കുകയും ഉണ്ടായോ ;

(ബി) ഇതു സംബന്ധിച്ച് അദ്ധ്യാപകരുമായി ചർച്ച നടത്തുകയുണ്ടായോ ;

(സി) യു.ജി.സി. സ്കീം നടപ്പാക്കിയതിൽ അദ്ധ്യാപകർ ചൂണ്ടിക്കാണിച്ച അപാകതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് ഉദ്ദേശമുണ്ടോ ;

(ഡി) ശനിയാഴ്ച ക്ലാസ്സുകൾ ബഹിഷ്ക്കരിച്ച അദ്ധ്യാപകർക്ക് ഡൈസ്നോൺ ബാധകമാക്കിയിട്ടുണ്ടോ ;

(ഇ) യു.ജി.സി. സ്കീമിലെ വ്യവസ്ഥയനുസരിച്ച് പെൻഷൻ പ്രായം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(എഫ്) പരീക്ഷകൾ അടുത്തിരിക്കുന്നത് പരിഗണിച്ച് വിദ്യാഭ്യാസ രംഗത്ത് പണിമുടക്കുകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) ശനിയാഴ്ച പ്രവർത്തി ദിവസമാക്കിയതിനെതിരായി ഒരു വിഭാഗം അദ്ധ്യാപകർ ശനിയാഴ്ച ക്ലാസ്സുകളിൽ ഹാജരാകാതിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അനൗപചാരികമായി ചർച്ച നടത്തിയിട്ടുണ്ട്.

(സി) ലഭിച്ച പരാതികൾ പരിശോധിച്ചു വരുന്നു.

(ഡി) പ്രവർത്തി ദിവസങ്ങളായ ശനിയാഴ്ച ദിവസങ്ങളിൽ ഹാജരാകാതിരുന്ന അദ്ധ്യാപകരുടെ ആ ദിവസങ്ങളിലെ ശമ്പളം ഇനിയൊരുത്തരവുണ്ടാകുന്നത് വരെ തടഞ്ഞുവയ്ക്കാൻ നിർദ്ദേശം കൊടുത്തിരുന്നു. എന്നാൽ 2-3-2000ലെ ജി.ഒ.(പി) നമ്പർ 28/2000/ഉവിവ.പ്രകാരം താല്ക്കാലികമായി ഈ ശമ്പളം വിതരണം ചെയ്യുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ട്.

(ഇ) ഇപ്പോൾ ഉദ്ദേശമില്ല.

(എഫ്) അനാവശ്യ പണിമുടക്കുകൾ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

മൈത്രിഭവന നിർമ്മാണ പദ്ധതി

22 (*412) ശ്രീ. കെ. ബാബു :
ശ്രീ. വി. ബാലറാം :
ഡോ. എം. എ. കുട്ടപ്പൻ :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly